DESPATCHED
25/05/2020
22.2.20

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.2135(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.13924/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. സുദേവൻ,
പണിക്കത്ത് വീട്,
മേട്ടുപാളയം, തത്തമംഗലം പി.ഒ.,
പാലക്കാട്. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അണ്ടർ സെക്രട്ടറി,
   കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
   പട്ടം, തിരുവനന്തപുരം.

2. അപ്പീൽ അധികാരി & ജോയിന്റ് സെക്രട്ടറി അഡ്വൈസ് (ലിറ്റിഗേഷൻ),
   കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
   പട്ടം, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03/06/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25/06/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03/07/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 21/07/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 17/08/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 22/08/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25/09/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 08/10/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 22/02/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായില്ല |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സുദേവൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 28.9.2013 തീയതി നടത്തിയ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തിക പരീക്ഷയിലെ ചോദ്യങ്ങളുടെ ശരിയായ ഉത്തരങ്ങൾ അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടു അപേക്ഷ സമർപ്പിച്ചുവെങ്കിലും ആയത് വിവരാവകാശ നിയമപ്രകാരം ലഭ്യമല്ല എന്ന

മറുപടിയാണ് ഒന്നാം എതിർകക്ഷി നൽകിയത് എന്നും ഇക്കാര്യത്തിൽ അപ്പീൽ നൽകിയെങ്കിലും ഒന്നാം എതിർകക്ഷി നൽകിയ മറുപടി ശരി വച്ച് അപ്പീൽ തീർപ്പാക്കുകയാണ് ഉണ്ടായതെന്നും ടിയാൻ ആവശ്യപ്പെട്ട ശരിയായ ഉത്തരങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 28.9.2013 തീയതി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ ഓഫ് കോ-ഓപ്പറേറ്റീവ്സ് സൊസൈറ്റീസ് തസ്തികയിലേക്ക് നടത്തിയ പരീക്ഷയിലെ ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ ചോദ്യങ്ങളുടെ ശരിയായ ഉത്തരങ്ങൾ നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഒ.എം.ആർ. പരീക്ഷയ്ക്ക് ശേഷം പ്രസിദ്ധപ്പെടുത്തുന്ന പ്രൊവിഷണൽ ആൻസർ കീ സംബന്ധിച്ച പരാതികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ടെന്നും ഉത്തരസൂചിക സംബന്ധിച്ച പരാതികൾ പരീക്ഷാ കൺട്രോളർക്ക് നിശ്ചിത തീയതിയ്ക്കകം സമർപ്പിക്കേണ്ടതാണെന്നും അപ്രകാരം ലഭിക്കുന്ന പരാതികൾ വിദഗ്ധസമിതി പരിശോധിച്ച ശേഷം ഫൈനൽ ആൻസർ കീ പ്രസിദ്ധപ്പെടുത്തുന്നതാണെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ച തസ്തികയുടെ പരീക്ഷയുമായി ബന്ധപ്പെട്ട് ഫൈനൽ ആൻസർ കീ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണെന്നും വെബ്സൈറ്റിൽ ആൻസർ കീ എന്ന ലിങ്കിൽ ആയത് ലഭ്യമാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള വിവരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതോ മേൽ പ്രകാരം തീർപ്പ് കൽപ്പിച്ച് ഒഴിവാക്കപ്പെട്ടിട്ടുള്ളതോ ആകയാൽ ആയത് വിവരാവകാശ നിയമപ്രകാരം ലഭ്യമല്ലെന്നാണ്. ഹർജിക്കാരൻ മേൽപ്പടി മറുപടിയ്ക്കെതിരെ അപ്പീൽ സമർപ്പിച്ചു. ആയതിൽ പ്രസ്താവിച്ചത്, കേരള പി.എസ്.സിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ഉത്തരങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്ന വസ്തുത ശരിയാണെന്നും എന്നാൽ മേൽപ്പടി ഉത്തരങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനു വേണ്ടിയാണ് വിവരാവകാശ നിയമപ്രകാരം ടിയാൻ വിവരങ്ങൾ തേടിയത് എന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി വസ്തുനിഷ്ടമായി നൽകിയിട്ടുള്ളതായി കാണുന്നതിനാൽ അപ്പീൽ തീർപ്പാക്കുന്നു എന്നാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാമർശിത പരീക്ഷ സംബന്ധിച്ച് ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയിരുന്ന 9 ചോദ്യങ്ങൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിദഗ്ധസമിതി നൽകിയിട്ടുള്ള ഉത്തരം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു എന്നും ആയത് ഹർജിക്കാരൻ തന്നെ ശരി വയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ മേൽപ്പടി ഉത്തരങ്ങൾ തെറ്റാണെന്നും ശരിയായ ഉത്തരം അനുവദിക്കണമെന്നുമാണ് ഹർജിക്കാരന്റെ ആവശ്യമെന്നും ആയത് വിവരാവകാശ നിയമത്തിലെ 2(എഫ്)ൽ നിർവചിച്ചിട്ടുള്ള 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ല എന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാത്ത ഒന്നായിരുന്നു എന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ 9 ഇനങ്ങൾ

RIGHT TO INFORMATION

സംബന്ധിച്ച് ശരിയായ ഉത്തരങ്ങൾ കണ്ടെത്തി നൽകണമെന്നായിരുന്നു ഹർജിക്കാരന്റെ ആവശ്യമെന്നു കാണുന്നു. ഹർജിക്കാരന്റെ മേൽപ്പടി ആവശ്യം വിവരാവകാശ നിയമത്തിലെ 2(എഫ്) വകുപ്പിൽ നിർവചിച്ചിട്ടുള്ള 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ല എന്നു കമ്മീഷൻ വിലയിരുത്തുന്നു ആയതിനാൽ എതിർകക്ഷികൾ ഹർജിക്കാരന് നൽകിയ മറുപടികൾ നിയമാനുസൃതമാണെന്ന് വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM